ഫത്‌വ

ഡോ. അബ്ദുൽ ഫത്താഹ് ഇദ്‌രീസ്

# പന്നിമാംസം നിഷിദ്ധമാക്കാനുള്ള കാരണം

**ചോദ്യം: പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ യുക്തി എന്താണ്?**

**ഉത്തരം:** അല്ലാഹു കൽപിച്ച കാര്യങ്ങൾ അനുസരിക്കുകയും വിരോധിച്ചത് ഉപേക്ഷിക്കുകയും ചെയ്യുക എന്നത് സത്യവിശ്വാസിയുടെ കടമയാണ്; അതിലടങ്ങിയ യുക്തി മനസ്സിലായാലും ഇല്ലെങ്കിലും ശരി. അല്ലാഹു പറയുന്നു: "അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ പുരുഷനാകട്ടെ സ്ത്രീയാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു" (*അൽ അഹ്സാബ്* 36). ഇങ്ങനെ അനുസരണം കാണിച്ച ശേഷം അതിലെ യുക്തി അന്വേഷിച്ചറിയുന്നതിന് വിരോധമില്ല. അങ്ങനെ സത്യവിശ്വാസിക്ക് മറ്റുള്ളവരെ കാര്യം ബോധ്യപ്പെടുത്താനും അവർക്കെതിരിൽ ന്യായം അവതരിപ്പിക്കാനും കഴിയും. വിശ്വാസിയുടെ ഈമാൻ വർധിക്കുകയും ചെയ്യും.

ഇസ്‌ലാം പന്നിമാംസം ഉപയോഗിക്കുന്നത് ഹറാമാക്കിയിരിക്കുന്നു. അതിന് ഉപോൽബലകമായി ധാരാളം തെളിവുകൾ നിരത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: "(നബിയേ) പറയുക! എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഭക്ഷിക്കുന്നവന് ഭക്ഷിക്കാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ ഒഴുക്കപ്പെട്ട രക്തമോ പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ (നേർച്ചയായി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമികമായിത്തീർന്നിട്ടുള്ളതും ഒഴികെ. എന്നാൽ വല്ലവനും (ഇവ ഭക്ഷിക്കാൻ) നിർബന്ധിതനാകുന്ന പക്ഷം അവൻ നിയമലംഘനം ആഗ്രഹിക്കാത്തവനും അതിരു വിട്ടുപോകാത്തവനുമാണെങ്കിൽ, നിന്റെ നാഥൻ തീർച്ചയായും ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (*അൽ അൻആം* 145).

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണ് ചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചു തിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്ക് മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും, അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അതൊക്കെ അധർമമാകുന്നു" (*അൽമാഇദ* 3).

ഈ രണ്ട് സൂക്തങ്ങളിൽനിന്നും പന്നിമാംസം ഭക്ഷിക്കുന്നത് ഹറാമാണെന്ന് വ്യക്തമായി. എന്നാൽ പന്നിയുടെ എല്ലാ അംശങ്ങളും - അത് മാംസത്തിൽ പെടുന്നതല്ലെങ്കിലും- ഹറാമാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മേൽസൂക്തങ്ങളിൽ പന്നിയുടെ മാംസം എടുത്തു പറഞ്ഞത്, പന്നിയുടെ മാംസം മുഖ്യ വസ്തുവാണ് എന്ന നിലക്കാണ്. ഇമാം നവവിയും ഇമാം ഇബ്നു ഖുദാമയും, പന്നിയുടെ ഏതു അംശവും ഉപയോഗിക്കുന്നത് ഹറാമാണെന്ന് പണ്ഡിതന്മാർ ഏകോപിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നതായി പറഞ്ഞിരിക്കുന്നു. ഇബ്നു ഹസം പറയുന്നു: "അത് ഹറാമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. അതുകൊണ്ട് അതിൽനിന്ന് ഒന്നും ഉപയോഗിക്കാൻ പാടില്ല. അതിന്റെ മാംസം, കൊഴുപ്പ്, ഞരമ്പ്, ഉപാസ്ഥി, ആന്തരാവയവങ്ങൾ, മജ്ജ തുടങ്ങി ഒന്നും ഉപയോഗിക്കാൻ പാടില്ല."

പന്നിമാംസം ഹറാമാക്കാൻ ശരീഅത്ത് പറഞ്ഞ കാരണം അത് അശുദ്ധമാണ് എന്നതാണ്. അശുദ്ധമായത് ഉപേക്ഷിക്കുക സത്യവിശ്വാസിയുടെ ബാധ്യതയാണ്. അത് മാത്രമല്ല കാരണം. അത് വൃത്തികെട്ടതും ധാരാളം ക്ഷുദ്ര വസ്തുക്കൾ ഉൾക്കൊള്ളുന്നതുമാണ് എന്നതാണ്. അവ മനുഷ്യനെ നശിപ്പിച്ചുകളയും. മറ്റു മൃഗങ്ങളെ അപേക്ഷിച്ച് പന്നി മനുഷ്യ ശരീരത്തിന് ഉപദ്രവകാരികളായ ധാരാളം രോഗാണുക്കൾ വഹിക്കുന്നുണ്ട്.

(*ഇസ്‌ലാം ഓൺലൈൻ നെറ്റ്*)

**വിവ: സി.കെ**